"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല - മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധി - 2019 ലെ പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ച ശ്രീ. അബ്ദുൾ മജീദ്, S/o.മാഹിൻ, മുസോടി ഹൗസ്, ഉപ്പള എന്ന വ്യക്തിക്ക് ധനസഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് -ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.4377/2023/RD തീയതി,തിരുവനന്തപുരം, 06-12-2023

---

പരാമർശം:- 1. കാസർഗോഡ് ജില്ല കളക്ടറുടെ 10.2.2022 തീയതിയിലെ DCKSGD/8108/2018/L6 നമ്പർ കത്ത്

2. സ.ഉ(കൈ) 24/2018/DMD തീ. 26/10/2018

**ഉത്തരവ്**

2019 ലെ പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ച കാസർഗോഡ് ജില്ലയിലെ ശ്രീ. അബ്ദുൾ മജീദ്, S/o.മാഹിൻ, മുസോടി ഹൗസ്, ഉപ്പള എന്ന വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 'റിബിൽഡ് കേരള ആപ്പ്' മുഖേന വിവരശേഖരണം നടത്തി SDRF ൽ നിന്നും 95,100/-രൂപയും(28500+66600) CMDRF ൽ നിന്നും 31,500/-രൂപയും അനുവദിച്ചിട്ടുണ്ടെന്നും റീബിൽഡ് കേരള ആപ്പ് മുഖേന വിവര ശേഖരണം നടത്തിയപ്പോൾ 16.29% എന്ന കാറ്റഗറിയിലേക്ക് പിശകായി രേഖപ്പെടുത്തിയത് വീടിന് പൂർണമായ നാശം സംഭവിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ.ഉ(കൈ) നമ്പർ 22/2019/DMD തീയ്യതി 17.8.2019 സർക്കാർ ഉത്തരവ് പ്രകാരം വീടിന്റെ പൂർണമായ നാശനഷ്ടത്തിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ നേരത്തെ SDRF വിഹിതമായി അനുവദിച്ച 95,100/-രൂപയും CMDRF വിഹിതമായി അനുവദിച്ച 31,500/-രൂപയും കിഴിച്ച് 2,73,400/-രൂപ അനുവദിക്കണമെന്ന് കാസർഗോഡ് ജില്ല കളക്ടർ പരാമർശം (1 ) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2019 ലെ പ്രകൃതിക്ഷോഭത്തിൽ വീടിന് പൂർണമായി നാശനഷ്ടം സംഭവിച്ച കാസർഗോഡ് ജില്ലയിലെ ശ്രീ. അബ്ദുൾ മജീദ്, S/o.മാഹിൻ, മുസോടി ഹൗസ്, ഉപ്പള എന്ന വ്യക്തിക്ക് പരാമർശം (2 ) ലെ വ്യവസ്ഥകൾ പ്രകാരം വീടിന്റെ പൂർണമായ നാശനഷ്ടത്തിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ നേരത്തെ SDRF വിഹിതമായി അനുവദിച്ച 95,100/-രൂപയും CMDRF വിഹിതമായി അനുവദിച്ച 31,500/-രൂപയും കിഴിച്ച് 2,73,400/-രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 2,73,400/- രൂപ (രണ്ടു ലക്ഷത്തി എഴുപത്തി മൂന്നായിരത്തി നാന്നൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം

ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 06-12-2023 16:24:18
സെക്ഷൻ ഓഫീസർ